# Sahitya Akademi Award-2024, Malbar Dt.19.12.2024

## കെ. ജയകുമാറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം



ന്യൂഡൽഹി • കവിയും ഗാനരചയിതാവും മുൻ ചീഫ് സെക്രട്ടറിയുമായ കെ.ജയകുമാറിന് 2024 ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (ഒരു ലക്ഷം രൂപ). 'പിങ്ഗളകേശിനി' എന്ന കവിതാസമാഹാരത്തിനാണ് പുരസ്കാരം. മാർച്ച് 8ന് ഡൽഹിയിൽ സമ്മാനിക്കും.

കവിത, വിവർത്തനം, ബാലസാഹിത്യം, ജീവചരിത്രം എന്നീ വിഭാഗങ്ങളിലായി നാൽപതിലേറെ പുസ്തകങ്ങൾ രചിച്ച ജയകുമാർ നൂറിലേറെ മലയാള ചലച്ചിത്ര ഗാനങ്ങളും രചിച്ചിട്ടുണ്ട്. കവിതാ സമാഹാരങ്ങളിൽ രണ്ടെണ്ണം ഇംഗ്ലിഷിലാണ്. മലയാള സർവകലാശാല വൈസ് ചാൻസലറായിരുന്നു. നിലവിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഡയറക്ടറാണ്.